# കേരള നിയമസഭ

## പരിസ്ഥിതി സംബന്ധിച്ച സമിതി

## പമ്പ-ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക/ മലിനീകരണ/പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

അഖിലേന്ത്യാ തലത്തിൽ പ്രസിദ്ധി നേടിയതും ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഒരു നിശ്ചിത തീർത്ഥാടനകാലപരിധിക്കുള്ളിൽ വന്നുപോവുന്നതും ഏറെ സവിശേഷതകളുള്ളതുമായ ഒരു കേരളീയ കാനന തീർത്ഥാടന കേന്ദ്രമാണ് പത്തനംതിട്ട ജില്ലയിലെ ശബരിമല. കാനന ക്ഷേത്രമെന്നതും ജാതിമത, വർഗ്ഗ, വർണ്ണ, ദേശ, ഭാഷാ വ്യത്യാസമില്ലാതെ, പത്തിനും അൻപതിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളൊഴികെ എല്ലാവർക്കും ഈ പുണ്യഭൂമിയിൽ തീർത്ഥാടനം നടത്താം എന്നതും ശബരിമലയുടെ മാത്രം പ്രത്യേകതയാണ്.

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ സമുദ്രനിരപ്പിൽ നിന്നും 467 മീറ്റർ ഉയരത്തിൽ പ്രകൃതി രമണീയത തുളുമ്പി നിൽക്കുന്ന 18 മലകളുടെ ഒത്ത നടുവിലായി ശബരിമല ശ്രീ ധർമ്മശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്നു. നിബിഢവനപ്രദേശമായ ടൈഗർ റിസർവ്വിന്റെ ഭാഗമായ ഇവിടം വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവുമാണ്. ഹൈന്ദവ വ്രതാനുഷ്ഠാനങ്ങൾ ചിട്ടയായി അനുഷ്ഠിച്ച്, അദ്വിതീയമായ ഭക്തി പ്രഹർഷത്തിൽ കാനനപാതയേയും കഠിനമായ മലകയറ്റത്തേയും അതിജീവിച്ച് ഭാരതമാകെയുള്ള ലക്ഷോപലക്ഷം ഭക്തർ ശബരിമല സന്നിധാനത്ത് എത്തിച്ചേരുന്നു. വർഷംതോറും ഇവിടെയെത്തുന്ന ഭക്തരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. നിബിഢവനപ്രദേശമായതു

കൊണ്ടുതന്നെ ലക്ഷോപലക്ഷം വർഷങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന ജൈവവൈവിധ്യം കൊണ്ട് ശ്രദ്ധേയമായ, ഒരു ആവാസ വ്യവസ്ഥയിലേക്കാണ് ഇത്രയധികം ഭക്തജനലക്ഷങ്ങൾ എത്തിച്ചേരുന്നത്.

അതിലോലമായ ജൈവ ആവാസവ്യവസ്ഥയിലേക്കുള്ള ചെറിയ കടന്നുകയറ്റം പോലും അതിന്റെ സന്തുലിതാവസ്ഥയെ തകിടംമറിക്കുമെന്നതിനാൽ, ഭക്തലക്ഷങ്ങളുടെ പ്രവാഹം വനമേഖലയിലെ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കാതിരിക്കണമെങ്കിൽ ഭരണാധികാരികളും തീർത്ഥാടകരും വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്.

ലക്ഷക്കണക്കിന് തീർത്ഥാടകർ ആണ്ടുതോറും എത്തുന്നതുകൊണ്ട് അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സൗകര്യമൊരുക്കലിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങളും നടത്തേണ്ടതായി വരുന്നു. കൂടാതെ, ഈ പുണ്യഭൂമിയിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെയും അവർക്ക് വേണ്ടി സൗകര്യമൊരുക്കുന്നതിനായി എത്തിച്ചേരുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവരുടേയും ദൈനംദിന പ്രവർത്തനം മൂലമുണ്ടാകുന്ന മലിനീകരണം നിയന്ത്രിക്കേണ്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്. തീർത്ഥാടകരും, ജീവനക്കാരും മറ്റും ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുന്ന പാഴ്‌വസ്തുക്കൾ ഇവിടെ ക്രമാതീതമായി കുന്നുകൂടുകയാണ്. ഇത്തരം പാഴ്‌വസ്തുക്കൾ പ്രകൃതിയ്ക്ക് ദോഷം ചെയ്യുന്നതാകയാൽ അവയെ ശാസ്ത്രീയമാർഗ്ഗത്തിലൂടെ ശരിയായ രീതിയിൽ, പ്രകൃതിയ്ക്കും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ദോഷം വരാത്ത രീതിയിൽ, സംസ്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശബരിമല സന്നിധാനത്തെയും, പമ്പയിലെയും, പരിസര പ്രദേശത്തെയും

മാലിന്യസംസ്കരണത്തിന്റെ അഭാവവും ശുചിത്വപരിപാലനത്തിലെ പോരായ്മ-യും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംബന്ധിച്ച സമിതി ഒന്നിലധികം തവണ ശബരിമലയും, പമ്പയും സന്ദർശിക്കുകയും ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവുകൾ ശേഖരിച്ച് വിശദമായ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതോടൊപ്പം ജൈവവൈവിധ്യത്തിന് കോട്ടം തട്ടാതെയും, വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കാതെയും, ശബരിമലയിലെയും സന്നിധാനത്തെയും പരിസ്ഥിതി പരിപാലിക്കുന്നതിനായി നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി നാല് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിരുന്നു. ഇവ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലെയും പരിസ പ്രദേശങ്ങളായ പമ്പ, എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിലെയും നാളിതുവരെയുള്ള പുരോഗതി വിലയിരുത്തുന്നതിനായി സമിതി 2008 നവംബർ 19, 2009 നവംബർ 18, 19 എന്നീ തീയതികളിൽ പമ്പ, ശബരിമല, എന്നീ പ്രദേശങ്ങളും മറ്റ് സമീപസ്ഥലങ്ങളും സന്ദർശിച്ച് വിശദമായ പരിശോധന നടത്തിയതിന്റെയും, ദേവസ്വം ബോർഡ്, പരിസ്ഥിതി, (മലിനീകരണനിയന്ത്രണ ബോർഡ്) വനം, ജലവിഭവം, ആരോഗ്യ-കുടുംബക്ഷേമം എന്നീ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദമായ തെളിവെടുപ്പു നടത്തിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ശബരിമലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിനായി സമിതി നടത്തിയ സന്ദർശനത്തിൽ പമ്പയിലേയ്ക്കുള്ള യാത്രാമധ്യേ നിലയ്ക്കൽ പാർക്കിംഗ് സ്ഥലത്തുള്ള ഇൻസിനറേറ്റർ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനം നേരിൽക്കണ്ട് വിലയിരുത്തി.

ശബരിമല തീർത്ഥാടനകാലത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കുന്നതിനായി പ്രസ്തുത സന്ദർശനവേളയിൽ സമിതി വിവിധ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും വിശദമായ തെളിവെടുപ്പും നടത്തുകയുണ്ടായി.

പമ്പയിലെ പരിസ്ഥിതി പ്രശ്നങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സജീവമായ ഇടപെടൽ 1996 മുതൽ ഉണ്ടാകുന്നുണ്ടെങ്കിലും അതിനനുസരിച്ച് പമ്പാ ജലത്തിന്റെ മലിനീകരണത്തോതിൽ കാതലായ മാറ്റമുണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സമിതി ആശങ്ക പ്രകടിപ്പിച്ചു. ബോർഡിന്റെ നിരന്തരമായ ഇടപെടൽ മൂലം പമ്പാനദീ ജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പമ്പാനദിയിൽ അനുദിനം വർദ്ധിച്ചുവരുന്ന മലിനീകരണം മൂലം നദീതീരത്ത് താമസിക്കുന്ന ജനങ്ങൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. നദീജല ശുദ്ധീകരണത്തിനായി കഴിഞ്ഞ വർഷം സ്വീകരിച്ചിരുന്ന വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് ആരാഞ്ഞതിന്റെ വെളിച്ചത്തിൽ, ജലം ശുദ്ധീകരിക്കുന്നതിനായി എറണാകുളത്തെ *സി.എം.ആർ.എൽ- ൽ നിന്ന് ലഭിക്കുന്ന

* കൊച്ചിൻ മിനറൽസ് & റൂട്ടെയിൽസ് ലിമിറ്റഡ്.

ഫെറസ്ക്ലോറൈഡ് എന്ന ആലത്തിന് സമാനമായ രാസവസ്തുവാണ് ഉപയോഗിക്കുന്നതെന്ന് സമിതിയ്ക്ക് അറിയാൻ കഴിഞ്ഞു.

ഒരു കമ്പനി പുറംതള്ളുന്ന മലിനവസ്തുവായ 'ഫെറസ്ക്ലോറൈഡ്' ഉപയോഗിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്,നിലവിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിൽ ടി ഉത്പന്നമാണ് ഉപയോഗിക്കുന്നതെന്നും, മുൻപ് ടൈറ്റാനിയത്തിൽ നിന്നാണ് വാങ്ങിയിരുന്നതെങ്കിലും, കൂടുതൽ അളവിൽ ആവശ്യമായതിനാലാണ് സി.എം.ആർ.എൽ നെ ആശ്രയിച്ചതെന്നും ഇതുപയോഗിക്കുന്നതുകൊണ്ട് എന്തെങ്കിലും ദോഷം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, കൂടാതെ, മുൻവർഷം 90,000 ലിറ്റർ ഉപയോഗിച്ചതായും. സന്നിധാനത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് വരുന്നതുവരെയുള്ള താത്കാലിക സംവിധാനം മാത്രമാണിതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

സന്നിധാനത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി ആഗോള ടെൻഡർ വിളിച്ചിട്ടും ആളില്ലാത്തതിനാൽ മന്ത്രിതല യോഗത്തിൽ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്നും, പമ്പാനദിയിലെ വെള്ളം ഒരു നിശ്ചിത അളവിൽ നിലനിർത്തിയാണ് തുറന്നുവിടുന്നതെന്നും, കാളിഫോം ബാക്ടീരിയ 5000/100 ml വരെയാകുമ്പോൾ വെള്ളം 'ഫ്ളഷ്' ചെയ്യാറുണ്ടെന്നും സമിതിയ്ക്ക് തെളിവ് ലഭിച്ചു. പമ്പാനദീസംരക്ഷണത്തിനായി ജലവിഭവവകുപ്പ് ഒരു ഉദ്യോഗസ്ഥനെ മാത്രമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന വസ്തുത കാര്യങ്ങൾ തീരെ ലാഘവത്തോടെയാണ് ബന്ധപ്പെട്ട വകുപ്പ് കാണുന്നതെന്നതിന് ഉത്തമോദാഹരണമാണ്.

അന്യസംസ്ഥാന തീർത്ഥാടകർ ശബരിമല ദർശനത്തിനുശേഷം പമ്പയാറ്റിൽ തങ്ങളുടെ വസ്ത്രം ഒഴുക്കുന്നത് അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെങ്കിലും ടി പ്രവൃത്തി നദിയുടെ ജലവിതാനത്തേയും സുഗമമായ ഒഴുക്കിനേയും സാരമായി ബാധിക്കുന്നതിനാൽ, അവ വാരിമാറ്റുന്നതിനായി ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശബരിമല, പമ്പ എന്നിവിടങ്ങളിൽ കുന്നുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറച്ചെങ്കിലും നീക്കം ചെയ്യുന്നതിന് ഇപ്പോൾ സാധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കവറുമായി വരുന്ന അയ്യപ്പ ഭക്തന്മാരിൽ നിന്നും പ്ലാസ്റ്റിക് കവർ വാങ്ങി പകരം തുണി സഞ്ചി സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിവരികയാണ്.

നിലയ്ക്കലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് ഇതുവരെ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല. തുറസ്സായ സ്ഥലങ്ങളിൽ തീർത്ഥാടകരും വാണിഭക്കാരും മലമൂത്ര വിസർജ്ജനം നടത്തുന്നതുമൂലം നിലനിൽക്കുന്ന ദുഃസ്സഹമായ ദുർഗന്ധം പരിഹരിക്കുന്നതിന് യാതൊരു നടപടിയും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നിലയ്ക്കലിൽ 500 ഓളം ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വെളിസ്ഥലത്തെ മലമൂത്രവിസർജ്ജനത്തിനെതിരെ ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ വിവിധ ഭാഷകളിൽ എഴുതിയിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനും ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

എന്നാൽ, നിലയ്ക്കലെ പ്രശ്നം ടോയ്‌ലറ്റുകളുടെ അഭാവമല്ലെന്നും അവിടെ തമ്പടിക്കുന്ന വാഹനങ്ങളിലെ ഡ്രൈവർമാരാണെന്നും ആയതിനാൽ,

എല്ലാ പ്രധാന ഇന്ത്യൻ ഭാഷകളിലും പൊതുസ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡ് വയ്ക്കേണ്ടതാണ്. നിലയ്ക്കൽ പാർക്കിംഗ് സ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കൾ ചിതറിക്കിടക്കുന്നുണ്ട് ഇവ നീക്കം ചെയ്യുന്നതിനുള്ള നടപടി അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

സന്നിധാനത്തേയും പമ്പയിലേയും ഇൻസിനറേറ്ററുകൾ സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞതോടൊപ്പം നിലയ്ക്കലെ ഇൻസിനറേറ്ററിന്റെ പണി പൂർത്തീകരിക്കാത്ത കാര്യവും സമിതി ഉദ്യോഗസ്ഥരെ ഓർമ്മിപ്പിച്ചു.

ശബരിമലയിലെ ഇൻസിനറേറ്ററിന് വൈദ്യുതിബന്ധം ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ഇപ്പോഴത്തെ ഇൻസിനറേറ്ററുകൾ മാലിന്യസംസ്കരണത്തിന് പര്യാപ്തമാണെന്നും അടുത്ത പത്ത് വർഷത്തേയ്ക്കുള്ള ഉപയോഗത്തിന് ഇതു മതിയാകുമെന്നും ദേവസ്വം ബോർഡുദ്യോഗസ്ഥർ അറിയിച്ചു.

ഇൻസിനറേറ്ററുകൾ ശബരിമല സീസണു മുമ്പ് പ്രവർത്തനക്ഷമമാക്കുവാൻ മലിനീകരണ നിയന്ത്രണബോർഡ് അനുമതി നൽകിയിരുന്നെങ്കിലും പണി പൂർത്തിയായിട്ടില്ല. മഹാരാഷ്ട്രയിലെ ഒരു കമ്പനിയാണ് ഇൻസിനറേറ്ററുകളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ളതെന്നും അവർ കൊണ്ടുവന്ന് പ്രധാന ഭാഗങ്ങൾ യോജിപ്പിക്കുന്നതിനുണ്ടായ കാലതാമസമാണ് ഇൻസിനറേറ്ററിന്റെ പ്രവർത്തനം വൈകിച്ചതെന്നും വൈകാതെ തന്നെ ഇവ പ്രവർത്തനസജ്ജമാകുമെന്നുമാണ് ദേവസ്വം ബോർഡുദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് അറിയാൻ സാധിച്ചത്.

മലിനജലം ട്രീറ്റ്ചെയ്യുന്നത് ഏത് വകുപ്പിന്റെ ചുമതലയാണെന്നും, ഹോട്ടലുകളിലെ ജലം ശുദ്ധജലമാണെന്നുറപ്പുവരുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ചും സമിതി ആരാഞ്ഞു. മലിനജലം ശുദ്ധീകരിക്കുന്ന ചുമതല ദേവസ്വം ബോർഡിനാണ്. വാട്ടർ അതോറിറ്റി നൽകുന്ന വെള്ളമാണ് കച്ചവടക്കാർ ഉപയോഗിക്കുന്നതെന്നും ഇതിന്റെ പരിശുദ്ധി പരിശോധിക്കുന്നുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. വെള്ളത്തിന്റെ പരിശുദ്ധി ഓരോ മണിക്കൂറും പരിശോധിക്കുന്നതായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥനും അറിയിച്ചു.

ദേവസ്വം ബോർഡിന്റെ ആയിരത്തോളം ടോയ്‌ലറ്റുകളിൽ നിന്നുള്ള മാലിന്യം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്കാണ് പോകുന്നതെങ്കിലും ഹോട്ടലുകളിലെ മാലിന്യങ്ങൾ പമ്പാനദിയിലേക്ക് ഒഴുക്കുന്നത് സമിതി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി.

ദിനംപ്രതി പമ്പയിലെ വെള്ളമെടുത്ത് കോളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിക്കുന്നുണ്ടെന്ന് ജല അതോറിറ്റി ഉദ്യോഗസ്ഥർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

പമ്പയിലേയും സന്നിധാനത്തേയും ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടു. നിലയ്ക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ കാർഡിയോളജി സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അത്യാഹിത കേന്ദ്രങ്ങളിൽ വിവിധ മെഡിക്കൽ കോളേജുകളിലെ 40 ഓളം ഡോക്ടർമാർ സേവനം അനുഷ്ടിക്കുന്നതായും

ആവശ്യമുള്ള മരുന്ന്, ഇ.സി.ജി സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. എല്ലായിടത്തും സ്ട്രെക്ച്ചർ സൗകര്യം ഏർപ്പെടുത്തിയതായും 15 ആംബുലൻസുകൾ ഇപ്പോൾ പ്രവർത്തനത്തിലാണെന്നും തിരക്ക് കൂടുന്നതനുസരിച്ച് 6 എണ്ണം കൂടി എത്തിച്ചേരുമെന്നും ഡി.എം.ഒ അറിയിച്ചു.

ഭാരം ചുമക്കുന്നതിനായി കൊണ്ടുവരുന്ന കഴുതകളെ കാട്ടിൽ ഉപേക്ഷിക്കുന്നതും, ഇവയിൽ നിന്നും വന്യമൃഗങ്ങൾക്ക് രോഗം പകരുന്നതുമായ സംഭവങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പമ്പയിലും സന്നിധാനത്തും കൊണ്ടുവരുന്ന കഴുതകൾക്ക് വാക്സിനേഷൻ നിർബന്ധമാക്കിയതായും, കഴുതകളെ ഉപേക്ഷിക്കുന്ന ഉടമസ്ഥരിൽ നിന്നും 500 രൂപ വരെ പിഴ ഈടാക്കുന്നുണ്ടെന്നും, തന്മൂലം കാട്ടിൽ ഉപേക്ഷിക്കാറില്ലെന്നും കഴുതകളിൽ പകർച്ചവ്യാധികൾ നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വനം വകുപ്പ് പ്രതിനിധി അറിയിച്ചു.

തീർത്ഥാടകർ എത്തുന്ന സീസണിൽ മാത്രമാണ് കഴുതകളെ ഉപയോഗിക്കുന്നതെന്നും മറ്റവസരങ്ങളിൽ ട്രാക്ടറാണ് ഉപയോഗിക്കുന്നതെന്നും റോപ്പ് വേ വരുന്നതോടെ കഴുതകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാനാകുമെന്നും ദേവസ്വം ബോർഡുദ്യോഗസ്ഥർ അറിയിച്ചു.

കടുവകളെക്കുറിച്ചുള്ള ചോദ്യത്തിന് 40 ഓളം കടുവകളുണ്ടെന്നും ഇവയുടെ എണ്ണം വർദ്ധിച്ചു. വരികയാണെന്നും വേട്ടയാടൽ ഇന്നേവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു.

പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിലെ തുറസ്സായ സ്ഥലങ്ങൾ അവിടെയെത്തുന്നവർ പ്രാഥമികാവശ്യങ്ങൾക്കുപയോഗിക്കുന്നത് നിരോധിച്ചു കൊണ്ട് വിവിധ ഭാഷകളിലുള്ള ബോർഡുകൾ സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പോലീസ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഹോട്ടൽ തൊഴിലാളികളെ നിയമിച്ചിരിക്കുന്നതെന്നും എല്ലാവർക്കും ഹെൽത്ത് കാർഡ് നൽകിയിട്ടുള്ളതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

ഒട്ടുമിക്ക ടോയ്‌ലറ്റുകളിലും ടാപ്പില്ലായെന്നും ബക്കറ്റിലാണ് വെള്ളം നൽകുന്നതെന്നും അതിനാൽ ടോയ്‌ലറ്റുകൾ പലതും വൃത്തിഹീനമായി കിടക്കുന്നതും സമിതിക്ക് കാണാൻ കഴിഞ്ഞു. പമ്പയിലെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഉണ്ടായിട്ടുള്ള നേരിയ പുരോഗതി നിലനിർത്താൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള യാത്രാമദ്ധ്യേ സമിതി, നീലിമല കാർഡിയോളജി സെന്ററും അപ്പാച്ചിമേട് കാർഡിയോളജി സെന്ററും സന്ദർശിച്ചു.

സമിതി, സന്നിധാനത്തെ പാണ്ടിത്താവളം, ഇൻസിനറേറ്ററുകൾ, ഭസ്മക്കുളം, അന്നദാന മണ്ഡപം, അരവണ പ്ലാന്റ്, പൂന്തോട്ടം എന്നിവിടങ്ങൾ സന്ദർശിച്ചു. ഇൻസിനറേറ്റർ പ്രവർത്തിക്കുന്നത് നേരിൽ കണ്ടു. രണ്ടാമത്തെ ഇൻസിനറേറ്റർ വൈദ്യുതികണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും വൈദ്യുതികണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തിച്ചുതുടങ്ങുമെന്നും ദേവസ്വം ബോർഡുദ്യോഗസ്ഥർ അറിയിച്ചു.

ഭസ്മക്കുളത്തിലെ ശുദ്ധീകരണ സംവിധാനം പാടെ നിലച്ചിരിക്കുന്നതായും ഭക്തർ മലിനമായ ജലത്തിൽ കുളിക്കുന്നതും സമിതി നേരിട്ടുകണ്ടു. അരവണ പ്ലാന്റ്, അന്നദാനമണ്ഡപം എന്നിവിടങ്ങളും സമിതി സന്ദർശിച്ചു.

മലകയറി വരുന്ന വഴികളിൽ ഭക്തന്മാർക്കു വേണ്ടി മാർഗ്ഗമദ്ധ്യേ താൽക്കാലിക മൂത്രപ്പുരകൾ ഒരുക്കിയിട്ടില്ല. സന്നിധാനത്ത് ശുദ്ധജലം ലഭ്യമാക്കുന്നതിന് ഒരു പൈപ്പ് ലൈൻ മാത്രമേയുള്ളൂ എന്നതിൽ സമിതി പ്രകടിപ്പിച്ച ആശങ്ക പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി & ചീഫ് കമ്മീഷണർ മറുപടി നൽകി.

കാനനക്ഷേത്രമെന്ന നിലയിൽ അറിയപ്പെടുന്ന ശബരിമലയിൽ ലക്ഷക്കണക്കിന് ഭക്തർ എത്തുന്നതു മൂലം സംജാതമാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ദേവസ്വം ബോർഡിന് ഒരു സ്ഥിരം പരിസ്ഥിതി വിഭാഗം ഉണ്ടാകുന്നത് ഉചിതമായിരിക്കുമെന്ന സമിതിയുടെ നിർദ്ദേശത്തെ യോഗത്തിൽ ഹാജരായ അഡീഷണൽ ചീഫ് സെക്രട്ടറിയും അനുകൂലിച്ചു.

പ്ലാസ്റ്റിക് നിരോധനം കർശനമാക്കണമെന്നും ഇതിനായി അന്യ സംസ്ഥാനങ്ങളിലെ പത്ര മാധ്യമങ്ങളിലൂടെ പേപ്പർ ക്യാരി ബാഗുമായിട്ടു മാത്രമേ ശബരിമലയിലേക്ക് ദർശനത്തിനായി വരാവൂ എന്ന പരസ്യം കൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. പ്രധാന കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിക്ഷേപിക്കുന്നതിനായി വീപ്പകൾ സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. നിലയ്ക്കലെ അപേക്ഷിച്ച് പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് പമ്പയിലും സന്നിധാനത്തും താരതമ്യേനഭേദമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

പ്രാഥമികാവശ്യങ്ങൾക്ക് തുറസ്സായ സ്ഥലങ്ങൾ ഉപയോഗിക്കുന്നത് കർശനമായി തടയുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള എൻ.എസ്.എസ് വോളണ്ടിയർമാരുടെ എണ്ണം ആവശ്യാനുസരണം കൂട്ടണമെന്ന് സമിതി അഭിപ്രായപ്പെട്ടു. നിലയ്ക്കലിൽ തങ്ങുന്നതിൽ കൂടുതലും വാഹനതൊഴിലാളികളായതിനാൽ, കാശുകൊടുത്ത് കക്കൂസ് ഉപയോഗിക്കുന്നതിൽ പലപ്പോഴും ഇവർ വിമുഖരായിരിക്കും. അതിനാൽ പാർക്കിംഗ് ഫീസ് വർദ്ധിപ്പിച്ച് അതോടൊപ്പം ടോയ്‌ലറ്റ് സൗകര്യം സൗജന്യമാക്കുന്ന തരത്തിൽ ടോക്കൺ സമ്പ്രദായം പരീക്ഷിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

നിലയ്ക്കലെ പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് കോൺട്രാക്ട് കൊടുത്തിരുന്നെങ്കിലും ആരും മുന്നോട്ടുവരാത്തതുകാരണം ബോർഡ് തന്നെ വാരി മാറ്റുകയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പമ്പയിലും സന്നിധാനത്തും ശുദ്ധജലസൗകര്യം മെച്ചപ്പെടുത്തണമെന്നും നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ഇൻസിനറേറ്ററുകൾ പൂർണ്ണതോതിൽ സദാസമയവും പ്രവർത്തനക്ഷമമാക്കണമെന്നും സമിതി നിർദ്ദേശം നൽകി. അപ്പാച്ചിമേട്ടിലെ കാർഡിയോളജി സെന്റർ ജലവിതരണ പൈപ്പിന് മുകളിൽ സ്ഥാപിച്ചിരിക്കുന്നതിലെ അപകടം സംബന്ധിച്ചും, പമ്പാ നദിയിലും, ഗോപുരങ്ങളുടെ മുകളിലും വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതു സംബന്ധിച്ചും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി.

ശുദ്ധജലസൗകര്യം മെച്ചപ്പെടുത്താമെന്നും ഇൻസിനറേറ്ററിന്റെ പ്രവർത്തനം പൂർണ്ണതോതിലാക്കാമെന്നും കാർഡിയോളജി സെന്ററിനടിയിലൂടെയുള്ള പൈപ്പ് ലൈൻ പരിശോധിച്ച് ആവശ്യമായ സംവിധാനം ഏർപ്പെടുത്താമെന്നും 'റോപ്പ് വേ' യുടെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും അതിന്റെ പൂർത്തീകരണത്തോടെ കഴുതകളുടെ ഉപയോഗം ഒഴിവാക്കാൻ സാധിക്കുമെന്നും, അടുത്ത സീസണിൽ ഇക്കാര്യങ്ങളെല്ലാംതന്നെ പൂർണ്ണതോതിൽ നടപ്പാകുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും രാസസംസ്കരണം നടത്തിയ ശേഷം പുറത്തു വരുന്ന മലിന ജലം വനത്തിൽ സ്പ്രിംഗ്ലിംഗ് നടത്തുകയാണ് ചെയ്യുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത് കനത്ത മഴയിൽ വീണ്ടും നദിയിലേക്ക് ഒലിച്ചിറങ്ങാനുള്ള സാധ്യത വളരെയേറെയുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇതൊഴിവാക്കുന്നതിന് ഈ ജലത്തെ ജൈവിക ശുദ്ധീകരണത്തിനു വിധേയമാക്കണമെന്ന് സമിതി നിർദേശിച്ചു.

ടോയ്‌ലറ്റ് കോംപ്ലക്സിലേക്കുള്ള വഴിയിൽ മാലിന്യങ്ങൾ കൂടിക്കിടക്കുന്നതും ടോയ്‌ലറ്റുകളിൽ ടാപ്പില്ലായെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. പമ്പാ തീരത്തെ കടകളുടെ എണ്ണം കുറച്ച് ഭക്തർക്ക് വിരിവയ്ക്കുന്നതിന് കൂടുതൽ സൗകര്യമൊരുക്കിയതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തി.

ശബരിമല തീർത്ഥാടനം വളരെ ചുരുങ്ങിയ സമയപരിധിയ്ക്കുള്ളിൽ അവസാനിക്കുന്നതിനാൽ അടുത്ത സീസണിലേക്കുള്ള തയ്യാറെടുപ്പുകൾ വളരെ

നേരത്തേതന്നെ തുടങ്ങേണ്ടതുണ്ട്. കൃത്യമായ ആസൂത്രണം കൊണ്ടുമാത്രമേ ശബരിമല പോലെ പ്രത്യേകതകൾ ഉള്ള പ്രദേശത്ത് തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതോടൊപ്പം പരമാവധി പരിസരമലിനീകരണം ഒഴിവാക്കി പരിസ്ഥിതി സംന്തുലനം കാത്തു സൂക്ഷിക്കുന്നതിന് സാധിക്കുകയുള്ളു. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനവും ആസൂത്രിതമായ പ്രവർത്തനവും അത്യാവശ്യ-മാണ്. കൂടാതെ, മണ്ഡലകാലം അവസാനിക്കുന്നതോടെ തീർത്ഥാടകരുടെ പ്രവാഹം അവസാനിക്കുകയും അതുവരെ സജീവമായിരുന്ന ഭരണ സംവിധാനം പൂർണ്ണമായും ഒഴിഞ്ഞുപോകാതെ അടുത്ത സീസണിലേക്കുള്ള തയ്യാറെടുപ്പു കൾക്ക് ആവശ്യമായ നടപടികൾ മുൻകൂട്ടി സ്വീകരിക്കുകയും അവലോകന യോഗങ്ങളും നിർമ്മാണപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കു കയും ചെയ്യേണ്ടതാണ്. പലപ്പോഴും ഒരു സീസണിൽ ഉപേക്ഷിച്ചുപോയ നാനാ വിധത്തിലുള്ള മാലിന്യങ്ങൾ, പ്ലാസ്റ്റിക്, മറ്റ് പാഴ്‌വസ്തുക്കൾ, തുണിത്തരങ്ങൾ എന്നിവ പൂർണ്ണമായ തോതിൽ നീക്കം ചെയ്യാറില്ല. കൂടാതെ, ഒരു സീസണിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥർ അടുത്ത സീസണിൽ അവിടേയ്ക്ക് നിയോഗിക്ക പ്പെടണമെന്നുമില്ല. അതിനാൽ സീസൺ തീർന്നാലുടൻ തന്നെ അടുത്ത തീർത്ഥാടന കാലത്ത് സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി പരിശോധിച്ച് വിലയിരുത്തി അതിനനുസൃതമായി വിവിധ വകുപ്പുകളുടെ സജീവമായ ഏകോപ നത്തോടെ പ്രവർത്തിക്കുന്നതിനായി ഒരു ഉന്നതതല ഉദ്യോഗസ്ഥസംഘത്തെ നിയോഗിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കാനനക്ഷേത്രമെന്ന് പ്രശസ്തമാണെങ്കിലും, ശബരിമല സന്നിധാനവും പരിസരവും ഒരു ആധുനിക നഗരത്തെയാണ് അനുസ്മരിപ്പിക്കുന്നത്.

ഇത്രയധികം വ്യാപാര കേന്ദ്രങ്ങൾ ശബരിമല സന്നിധാനത്ത് ആവശ്യമുണ്ടോയെന്നതും ഇവ അത്യാവശ്യത്തിനു മാത്രമായി കുറച്ചാൽ ഭക്തജനങ്ങൾക്ക് കുറെകൂടി സ്ഥലം സൗകര്യപ്രദമായി ഉപയോഗിക്കാൻ സാധിക്കുമോയെന്നതും പരിശോധിക്കേണ്ടതാണ്. സന്നിധാനത്ത് പാഴായി കിടക്കുന്ന സ്ഥലങ്ങളിൽ ചെടികൾ നട്ടു വളർത്തി പൂന്തോട്ടം നിർമ്മിക്കുന്നതിനുള്ള ശ്രമം സ്വാഗതാർഹമാണ്. ഇത് മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നത് പരിഗണിക്കേണ്ടതാണ്.

പമ്പയിൽ നിന്നുള്ള കാനനപാതയിൽ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള വേലികൾ വന്യജീവികൾ പ്രത്യേകിച്ച്, ആന, കാട്ടുപോത്ത്, മാൻ, തുടങ്ങിയവയുടെ സ്വതന്ത്ര വിഹാരത്തെ തടയുന്നുണ്ടോയെന്നതു സംബന്ധിച്ചും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും വിശദമായ പരിശോധനയും വിശകലനവും നടത്തേണ്ടതാണ്. ആൾത്തിരക്കില്ലാത്ത സമയത്ത് വനം വകുപ്പുദ്യോഗസ്ഥർ ഇതു സംബന്ധിച്ച് പരിശോധിച്ച് അവലോകന യോഗത്തിൽ അറിയിക്കേണ്ടതുമാണ്. പരിസ്ഥിതിയെയും ജൈവ വൈവിധ്യത്തെയും സംരക്ഷിക്കേണ്ട ചുമതല ശബരിമല ദർശനത്തിനായെത്തുന്ന ഓരോ ഭക്തന്റേയും കടമയാക്കി മാറ്റുന്നതിനുള്ള ബോധവൽക്കരണവും ഏർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പമ്പാനദിയിലേക്ക് എത്തുന്ന ഞുണുങ്ങാറിലും, പമ്പാനദിയിലും മാലിന്യ നിർമ്മാർജ്ജനത്തിനുപയോഗിക്കുന്ന 'ഫെറസ്ക്ലോറൈഡ്' എന്ന രാസപദാർത്ഥം ജലത്തിന്റെ സ്വാഭാവിക ഘടനയിൽ പ്രകടമായ മാറ്റം വരുത്തുന്നതായും തന്മൂലം ജലജീവികളുടെ ആവാസവ്യവസ്ഥയെത്തന്നെയും ദോഷകരമായി ബാധിക്കുന്ന

തായുമുള്ള റിപ്പോർട്ടുകൾ മാദ്ധ്യമങ്ങളിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുന്നത് സമിതിയുടെ ആശങ്ക ശരിയായിരുന്നുവെന്നതിന് പ്രകടമായ തെളിവാണ്.

ശബരിമലയിലും പമ്പയിലും സമിതി നടത്തിയ സന്ദർശനങ്ങളുടേയും തെളിവെടുപ്പുകളുടേയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു :-

## നിഗമനങ്ങൾ/ ശുപാർശകൾ

(1) ശബരിമലയിൽ അവശ്യം വേണ്ട വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും തീർത്ഥാടനകാലത്ത്, പ്രത്യേകിച്ച് വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തിര നിർദ്ദേശങ്ങൾ നൽകുന്നതിനും, അവയുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഉന്നത ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(2) ശബരിമലയിലെ ഒരു സീസണിലേക്കുള്ള മുന്നൊരുക്കങ്ങൾ നേരത്തെ തന്നെ തുടങ്ങണമെന്നും, ഓരോ സീസണിലും ഏതെല്ലാം മേഖലകളിലെ പ്രവർത്തനങ്ങളിലാണ് വീഴ്ചകളും കുറവുകളും ഉണ്ടായിട്ടുള്ളത് എന്ന് വിശദമായി പരിശോധിച്ച് അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തി അടുത്ത സീസണുവേണ്ട ഒരുക്കങ്ങൾ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) കാനന ക്ഷേത്രമായ ശബരിമല പെരിയാർ ടൈഗർ റിസർവ്വ് വനത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ വനത്തിലെ ജൈവ വൈവിധ്യം, ആവാസ

വ്യവസ്ഥ എന്നിവയ്ക്കനുയോജ്യമായ വികസന പ്രവർത്തനങ്ങളായിരിക്കണം അവിടെ നടപ്പാക്കേണ്ടതെന്നും. ഇതിലേയ്ക്കായി ദേവസ്വം ബോർഡിൽ തന്നെ ഒരു സ്ഥിരം പരിസ്ഥിതി സംരക്ഷണ വിഭാഗം രൂപീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4) പമ്പാനദീതീരത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും രാസവസ്തുക്കൾ ഉപയോഗിച്ച് ശുദ്ധീകരിച്ചു പുറത്തേയ്ക്കൊഴുക്കുന്ന മലിനജലം, ജൈവിക ശുദ്ധീകരണത്തിനുകൂടി വിധേയമാക്കിയശേഷമേ വനത്തിലേയ്ക്ക് ഒഴുക്കി വിടാവൂ എന്നും ഈ ജലം നേരിട്ട് നദിയിലേയ്ക്ക് ഒഴുകുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5) പമ്പാ നദിയിലേയും ഞുണുങ്ങാറിലേയും ജലം ശുദ്ധീകരിക്കുന്നതിനായി 'ഫെറസ് ക്ലോറൈഡ്' എന്ന രാസപദാർത്ഥം ഉപയോഗിക്കുന്നതിന്റെ സാംഗത്യം, പരിശോധിക്കണമെന്നും ദോഷകരമാണെന്നു തെളിഞ്ഞാൽ ഇതിന്റെ ഉപയോഗം കർശനമായി നിരോധിക്കുന്നതിനോടൊപ്പം സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

6) പമ്പാ നദീസംരക്ഷണത്തിനായി രൂപീകരിച്ച 'പമ്പാനദീ സംരക്ഷണ അതോറിറ്റി'യുടെ പ്രവർത്തനം കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഏകോപനത്തോടുകൂടി ശക്തിപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7) ശബരിമല സന്നിധാനത്തെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ഈ രംഗത്ത് വിദഗ്ധരായ മറ്റ് ഏജൻസികളുടേയോ, പ്രശസ്തമായ സ്ഥാപനങ്ങളുടേയോ സാങ്കേതിക സഹായം കൂടി തേടുന്നത് അഭിലഷണീയമായിരിക്കുമെന്നും സമിതി നിർദ്ദേശിക്കുന്നു.

8) പമ്പാ നദീതടത്തിൽ വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം കുറച്ച് കൂടുതൽ സ്ഥലസൗകര്യമൊരുക്കിയതുപോലെ, സന്നിധാനത്ത് ഇത്രയധികം വ്യാപാര സ്ഥാപനങ്ങൾ ആവശ്യമുണ്ടോയെന്ന് പരിശോധിച്ച് അത്യാവശ്യത്തിനു മാത്രം കടകൾ അനുവദിക്കുകയും ശേഷിച്ച സ്ഥലം ഭക്തരുടെ സൗകര്യത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9) ശബരിമലയിലും പമ്പയിലും പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം ക്രമാതീതമാകയാൽ, അത് പരമാവധി നിരുത്സാഹപ്പെടുത്തുന്നതിനായി ഭക്തരിൽ നിന്നും പ്ലാസ്റ്റിക് കവർ വാങ്ങി പകരം തുണി സഞ്ചി സൗജന്യമായി നൽകുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കി വരുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. എങ്കിലും ശബരിമലയിലേയ്ക്ക് ഭക്തർ കുപ്പിവെള്ളം, ആഹാര സാധനങ്ങൾ, വഴിപാടു സാധനങ്ങളായ കർപ്പൂരം, ചന്ദനത്തിരി, മഞ്ഞൾപ്പൊടി, ഭസ്മം, പനിനീർ തുടങ്ങിയവ പ്ലാസ്റ്റിക് കവറുകളിലാണ് കൊണ്ടുവരുന്നത്. പ്ലാസ്റ്റിക് കവറുകളിൽ കൊണ്ടുവരുന്ന പൂജാവസ്തുക്കൾ ശബരിമലയിലേയ്ക്ക് കടത്തിവിടില്ലെന്നും ഇതിനോട് ഭക്തജനങ്ങൾ സഹകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഇന്ത്യയിലെ എല്ലാ

പ്രധാന ഭാഷാ ദിനപത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും കൂടി അറിയിപ്പു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, കാനനപാതയ്ക്ക് ഇരുവശത്തും മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്നും മാലിന്യങ്ങൾ പാതയുടെ വശങ്ങളിൽ നിക്ഷേപിക്കരുതെന്ന് ഭക്തരെ അറിയിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്ലാസ്റ്റിക് കവറുകളിൽ സാധനങ്ങൾ കൊണ്ടുവരുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും, കർശനമായി നിരോധിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദേവസ്വം ബോർഡും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10) ഭക്തർ, ദർശനത്തിനുശേഷം വസ്ത്രം ഉപേക്ഷിക്കുന്നതും ക്ഷേത്രഗോപുരങ്ങളിൽ വസ്ത്രം വലിച്ചെറിയുന്നതും ശബരിമലയിലെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എതിരാണെന്നും പുണ്യനദിയുടെയും വനസമ്പത്തിന്റേയും വന്യജീവികളുടെയും നാശത്തിന് അതു കാരണമാകുമെന്നും കാണിച്ച് വിവിധ ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും ഇത്തരം പ്രവൃത്തികൾ നിരുത്സാഹപ്പെടുത്തുന്നതിനുംവേണ്ട പ്രചരണങ്ങൾ അതാതു സംസ്ഥാനങ്ങളിൽ നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ഇൻസിനറേറ്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും ശക്തമായ കാറ്റിൽ ഇവയുടെ പുകക്കുഴലുകൾ ഒടിഞ്ഞു വീഴുന്നതും കേടുപാടുകൾ സംഭവിക്കുന്നതും കർശനമായി ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ശബരിമലയിലും, പമ്പയിലും ഭക്തരുടെ ബാഹുല്യം

കണക്കിലെടുത്ത് ആവശ്യാനുസരണം ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് മലിനീകരണം ഫലപ്രദമായി തടയുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12) ശബരിമലയിൽ ശുദ്ധജല വിതരണത്തിനായി നിലവിൽ ഒരു പൈപ്പുലൈൻ മാത്രമാണുള്ളത്. ഈ ലൈനിൽ ഏതെങ്കിലും തരത്തിലുള്ള കേടുപാട് സംഭവിച്ചാൽ കുടിവെള്ള വിതരണം ആകെ താറുമാറാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ, ഇത് ഒഴിവാക്കുന്നതിന് സമാന്തര പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13) ശബരിമലയിലേയ്ക്കുള്ള 'റോപ് വേ' യുടെ നിർമ്മാണം സംബന്ധിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, നിർദ്ദിഷ്ട 'റോപ്‌വേ' നിർമ്മാണം ശബരിമലയിലെ വനസമ്പത്തിനും വന്യജീവികളുടെ സ്വതന്ത്ര വിഹാരത്തിനും ആവാസ വ്യവസ്ഥയ്ക്കും യാതൊരു തരത്തിലും ആഘാതമേല്പിക്കാത്തവണ്ണം നടപ്പാക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകരെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള എൻ.എസ്.എസ്. വോളണ്ടിയർമാരുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15) നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിൽ തങ്ങുന്നതിൽ കൂടുതലും വാഹന തൊഴിലാളികളാണെന്നും ഇവരിൽ പലരും കാശ് കൊടുത്ത് കക്കൂസ് ഉപയോഗിക്കുന്നതിൽ വിമുഖരാണെന്നും, അതിനാൽ പാർക്കിംഗ് ഫീസ് വർദ്ധിപ്പിച്ച് ടോയ്‌ലറ്റ് സൗജന്യമാക്കുന്ന തരത്തിൽ ടോക്കൺ സമ്പ്രദായം പരീക്ഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16) നിലയ്ക്കൽ ഗ്രൗണ്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യണമെന്നും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി 'വീപ്പകൾ' സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17) ഭസ്മക്കുളത്തിലെ ശുദ്ധീകരണ സംവിധാനം പൂർണ്ണമായും നിലച്ചിരിക്കുന്നതായും, ഭക്തർ സോപ്പ്, എണ്ണ, ഷാംപൂ, പല്ല് തേയ്ക്കാനായി ഉപയോഗിച്ചതിന് ശേഷമുള്ള വസ്തുക്കൾ, ചായങ്ങൾ എന്നിവ കലർത്തുന്നതായും സമിതി നേരിൽ കണ്ടു. ആയതിനാൽ, ഭസ്മക്കുളത്തിലെ ജലം ദൈനംദിനം ശുദ്ധീകരിക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അല്ലാത്തപക്ഷം വെള്ളം അനുസ്യൂതം ഫ്ളഷ് ഔട്ട് ചെയ്ത് കുളം വൃത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഭസ്മക്കുളത്തിൽ കുളിക്കുന്നതിന് എണ്ണ, സോപ്പ്, ഷാംപൂ, ചായങ്ങൾ എന്നിവയുടെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കി ജലത്തിന്റെ പരിശുദ്ധി നിലനിറുത്തണമെന്നും ശുപാർശ ചെയ്യുന്നു.

18) പമ്പാ നദീതീരം, എരുമേലി എന്നിവിടങ്ങളിലെ സ്നാനഘട്ടങ്ങളിൽ ഷാംപൂ പായ്ക്കറ്റ് ഉൾപ്പെടെയുള്ള കുളിക്കാനും പല്ല് തേയ്ക്കാനും വേണ്ടിയുള്ള

വസ്തുക്കൾ ഉപയോഗിച്ചശേഷം വലിച്ചെറിയുന്നത് ജലത്തിന്റെ ഒഴുക്കിനെ സാരമായി ബാധിക്കുന്നതായി സമിതി കരുതുന്നു. ആയതിനാൽ, ശബരിമല, പമ്പ, എരുമേലി, എന്നിവിടങ്ങളിൽ സീസൺ സമയത്ത് ഇത്തരം പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കൊണ്ടുവരുന്നത് പൂർണ്ണമായി നിരോധിക്കുന്ന കാര്യം പരിശോധനാ വിധേയമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19) പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള കാനനപാതയിൽ ഭക്തർക്കായി കുടിവെള്ളം മുടക്കം കൂടാതെ ലഭിക്കുന്നതിനായി കൂടുതൽ ശുദ്ധജല വിതരണ ടാപ്പുകൾ സ്ഥാപിക്കണമെന്നും ഇത്തരം ടാപ്പുകളിൽ നിന്നും കുടി വെള്ളം ലഭിക്കുന്നുണ്ടോ എന്ന് ദിനംപ്രതി ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിലുള്ള ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തണമെന്നും, വെള്ളം പാതയിലൂടെ ഒഴുകാതിരിക്കുന്നതിനായി പ്രത്യേക പ്ലാറ്റ്ഫോം നിർമ്മിച്ച് വെള്ളം വനത്തി ലേയ്ക്ക് ഒഴുക്കി വിടാനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20) വനംവകുപ്പ്, വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനായി വൻവൃക്ഷങ്ങളിൽ ആണി യടിച്ച് പരസ്യങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. മരങ്ങളിൽ ആണിയടിച്ച് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് തീർത്തും ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21) ശബരിമല സന്നിധാനത്തെ നിലവിലുള്ള പൂന്തോട്ടം നേരിട്ട് സന്ദർശിച്ച സമിതി, സന്നിധാനത്ത് പാഴായികിടക്കുന്ന സ്ഥലങ്ങൾ പൂന്തോട്ടമാക്കുന്നത് ഏറെ ഉചിതമായിരിക്കുമെന്ന് ശുപാർശ ചെയ്യുന്നു.

22) അരവണ പ്ലാന്റിലെ ജീവനക്കാർക്ക് കഠിനമായ ചൂടിൽ നിന്നും സംരക്ഷണം നൽകുന്നതിനും തലമുടി ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അരവണയിൽ വീഴാതിരിക്കുന്നതിനും തൊപ്പിയും ഏപ്രണും (മേൽ വസ്ത്രങ്ങൾ) നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23) പമ്പാ നദീതടത്തിലെ ടോയ്ലറ്റ് കോംപ്ലക്സിലെ ഒട്ടുമിക്ക ടോയ്ലറ്റുകളിലും ടാപ്പില്ലാത്തതിനാൽ വൃത്തിഹീനമായിട്ടാണ് കിടക്കുന്നതെന്ന് സമിതിക്ക് കാണാൻ കഴിഞ്ഞു. ടോയ്ലറ്റുകളിൽ ആവശ്യാനുസരണം ടാപ്പുകൾ ഏർപ്പെടുത്തണമെന്നും ടോയ്ലറ്റുകളും പരിസരവും ഉപയോഗത്തിന് ശേഷം വൃത്തിയായും വെടിപ്പായും നിലനിർത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24) പമ്പയിലും, സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ നിന്നും പുറന്തള്ളുന്ന മലിനജലം ഉൾപ്പെടെയുള്ള പാഴ് വസ്തുക്കൾ ശുദ്ധീകരിക്കുന്നതിനുള്ള സാങ്കേതിക സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25) തീർത്ഥാടന കാലത്ത്, തീർത്ഥാടകർ ഉൾവനത്തിലേയ്ക്കിറങ്ങി ജൈവ വൈവിദ്ധ്യത്തിനും ആവാസ വ്യവസ്ഥയ്ക്കും കോട്ടം വരുത്താതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ഓരോ

സീസണിനുശേഷവും ഇതു സംബന്ധിച്ച അവലോകനം നടത്തി ഇത്തരം കൈകടത്തലുകളുടെ ആഘാതത്തിന്റെ തോത് വിലയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

26) ശബരിമല സീസൺ കാലങ്ങളിൽ പമ്പാ നദിയിലെ ജലത്തിന്റെ ഒഴുക്ക് നിജപ്പെടുത്തി, ഭക്തർക്ക് സ്നാനത്തിനും മറ്റ് ആവശ്യങ്ങൾക്കും അവശ്യംവേണ്ട ജലം ലഭിക്കുന്നതിനായി പമ്പാ ഡാം റിസർവോയറിൽ നിന്നും കൂടുതൽ ജലം തുറന്നുവിടുന്നതിനായി ജലസേചന വകുപ്പിന്റെ ഒരു സ്ഥിരം ഇൻസ്പെക്ഷൻ ടീം പ്രവർത്തിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27) പമ്പാ നദിയിൽ അവിചാരിതമായി അപകടത്തിൽപ്പെടുന്ന ഭക്തരെ രക്ഷപ്പെടുത്താൻ മുങ്ങൽ വിദഗ്ദർ അടങ്ങുന്ന ടീം സദാ ജാഗരൂഗരായി പ്രവർത്തിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

28) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ നിന്നും ഭക്തർക്ക് നൽകുന്ന ആഹാരസാധനങ്ങളുടെ ഗുണനിലവാരവും അവ നിശ്ചിതവിലയ്ക്ക് തന്നെയാണോ വിൽക്കുന്നതെന്നും ഉറപ്പുവരുത്തുന്നതിനായി ദിവസവും മിന്നൽ പരിശോധന നടത്തേണ്ടതാണെന്നും, വിലവിവരപ്പട്ടിക ഹോട്ടലുകൾക്കുമുമ്പിൽ പ്രദർശിപ്പിക്കണമെന്നും ഇവ ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

29) പമ്പയിലും സന്നിധാനത്തും സീസൺ കാലത്ത് കുമിഞ്ഞുകൂടുന്ന വിവിധയിനം പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനായി ദേവസ്വം ബോർഡ് മുൻകൈയ്യെടുത്ത് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

30) പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള പാതയോരങ്ങളിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി സീസൺകാലത്ത് ഷെൽട്ടറുകൾ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

-----